BY REGISTERED POST WITH ACKNOWLEDGEMENT CARD

**ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**ഹാജർ : ഡോ. സുമി ചെറിയാൻ കെ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - വകുപ്പിലെ 6 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/401/2024-E1 തിരുവനന്തപുരം, തീയതി : 26-07-2025

---

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മിഷനിൽ നിന്നുള്ള 08.10.2021, 20.12.2021, 09.03.2022, 25.05.2022, 21.06.2022 തീയതികളിലെ R1F (1) 229/2020/GW നമ്പർ നിയമന ശിപാർശാ കത്തുകൾ.

2. കേരള പബ്ലിക് സർവ്വീസ് കമ്മിഷനിൽ നിന്നുള്ള 24.02.2022 തീയതിയിലെ SR 2-4/50029/2018-KPSC നമ്പർ നിയമന ശിപാർശാ കത്ത്.

3. ഈ കാര്യാലയത്തിൽ നിന്നുള്ള 21.07.2022 ലെ ഇ1/17795/2019 നമ്പർ നിയമന ഉത്തരവ്.

4. ഈ കാര്യാലയത്തിൽ നിന്നുള്ള 20.09.2022, 28.02.2023, 28.03.2023, 19.12.2022 തീയതികളിലെ DDDKER/3065/2022-E1 നമ്പർ നിയമന ഉത്തരവുകൾ.

5 . ഈ കാര്യാലയത്തിൽ നിന്നുള്ള 29.04.2023 ലെ DDDKER/3065/2022-E1 നമ്പർ നിയമന ഉത്തരവ്.

6 . ഈ കാര്യാലയത്തിൽ നിന്നുള്ള 01.01.2024, 28.02.2024, 23.12.2023, 18.02.2025, 03.05.2025 തീയതികളിലെ നിയമന ക്രമീകരണ ഉത്തരവുകൾ.

7 . ക്ഷീരവികസന വകുപ്പ് ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 28.03.2025 ലെ DDALP/290/2025-A നമ്പർ കത്ത്, 22.04.2025 ലെ DDALP/336/2025-A നമ്പർ കത്ത് എന്നിവ.

8 . ക്ഷീരവികസന വകുപ്പ് വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 24.04.2025 ലെ DDWND/344/2025-C1 നമ്പർ കത്ത്.

9 . ക്ഷീരവികസന വകുപ്പ് കാസർഗോഡ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 14.05.2025 ലെ DDKSD/363/2025-C3 നമ്പർ കത്ത്. 14.05.2025 ലെ DDKSD/360/2025-C3 നമ്പർ കത്ത്, 23.05.2025 ലെ DDKSD/391/2025-C3 നമ്പർ കത്ത് എന്നിവ.

# ഉത്തരവ്

മേൽപരാമർശം (1), (2) പ്രകാരമുള്ള നിയമന ശിപാർശ കത്തുകളുടെയും മേൽപരാമർശം (3), (4), (5) പ്രകാരമുള്ള നിയമന ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച താഴെപ്പറയുന്ന 6 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രൊബേഷൻ പ്രഖ്യാപിച്ച് ഉത്തരവാകണമെന്ന് മേൽപരാമർശം (7), (8), (9) വരെയുള്ള കത്തുകൾ പ്രകാരം ആലപ്പുഴ, വയനാട്, കാസർഗോഡ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ അപേക്ഷിച്ചിരിക്കുന്നു.

താഴെപ്പറയുംവിധം തീയതികളിൽ (കോളം നം. 3) ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ടി 6 ഡെയറി ഫാം ഇൻസ്ട്രക്ടർമാർ താഴെപ്പറയും വിധം തീയതികളിൽ (കോളം നം. 5) 2 വർഷ പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചിട്ടുണ്ട്. ടി കാലയളവിൽ എടുത്തിട്ടുള്ള അവധി വിവരങ്ങൾ (പ്രൊബേഷനെ ബാധിക്കുന്ന അവധികൾ മാത്രം പരിഗണിച്ചും) കോളം നം. 4-ൽ ചേർത്തിട്ടുണ്ട്. കൂടാതെ, ടി 6 ഡെയറി ഫാം ഇൻസ്ട്രക്ടർമാരും ഇതിനകം ജി.പി.എഫ്., ജി.ഐ.എസ്., എസ്.എൽ.ഐ., എൻ.പി.എസ്. എന്നിവയിൽ അംഗമാവുകയും ചെയ്തിട്ടുണ്ട്. മലയാള പരിജ്ഞാനം സംബന്ധിച്ച സർട്ടിഫിക്കറ്റുകളും സമർപ്പിച്ചിട്ടുണ്ട്. പ്രൊബേഷൻ കാലയളവിൽ ടി 6 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ സ്വഭാവവും ജോലിയിലുള്ള സാമർത്ഥ്യവും തൃപ്തികരമാണെന്നും ടി സാഹചര്യത്തിൽ ടി 6 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രൊബേഷൻ പ്രഖ്യാപിച്ച് ഉത്തരവാകണമെന്നും ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ അപേക്ഷിച്ചിരിക്കുന്നു. മേൽപരാമർശം (6) ഉത്തരവുകൾ പ്രകാരം ടി 6 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെയും നിയമനം ക്രമീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ക്ഷീരവികസന വകുപ്പിലെ വിവിധ ക്ഷീരവികസന യൂണിറ്റ് കാര്യാലയങ്ങളിൽ സേവനമനുഷ്ഠിച്ചു വരുന്ന താഴെപ്പറയുന്ന 6 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രൊബേഷൻ താഴെപ്പറഞ്ഞിരിക്കുന്ന സ്റ്റേറ്റ്മെന്റിലെ കോളം നം. 6-ൽ പറഞ്ഞിരിക്കുന്ന പ്രകാരം തീയതികളിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഡെയറി ഫാം ഇൻസ്ട്രക്ടറുടെ പേര്, (PEN. ), അപേക്ഷ സമർപ്പിച്ച സമയത്തെ ക്ഷീരവികസന യൂണിറ്റ് കാര്യാലയം, | ജോലിയിൽ പ്രവേശിച്ച തീയതി | പ്രൊബേഷൻ കാലയളവിലെ അവധി വിവരങ്ങൾ *(പരിഗണിക്കാത്ത അവധി ഇറ്റാലിക്സിൽ)* | 2 വർഷ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കിയ തീയതി | പ്രൊബേഷൻ പൂർത്തീയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവാകുന്ന തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | ജില്ല. | | | | |
| (1) | (2) | (3) | (4) | (5) | (6) |
| 1 | പ്രീത എസ്., (926918), അമ്പലപ്പുഴ, ആലപ്പുഴ | 22.07.2022 പൂർവ്വാഹ്നം | ഇല്ല | 21.07.2024 അപരാഹ്നം | 22.07.2024 പൂർവ്വാഹ്നം |
| 2 | അഖില വിജയൻ, (928877), ഹരിപ്പാട്, ആലപ്പുഴ | 22.09.2022 പൂർവ്വാഹ്നം | ഇല്ല | 21.09.2024 അപരാഹ്നം | 22.09.2024 പൂർവ്വാഹ്നം |
| 3 | സൗമ്യ എം.വി., (873876), സുൽത്താൻ ബത്തേരി, വയനാട്. | 01.03.2023 പൂർവ്വാഹ്നം | ആർജ്ജിതാവധി - 13 ദിവസം *(പ്രത്യേക ആകസ്മിക അവധി - 14 ദിവസം)* | 13.03.2025 അപരാഹ്നം | 14.03.2025 പൂർവ്വാഹ്നം |
| 4 | എബിൻ ജോർജ്ജ്, (926017), പരപ്പ, കാസർഗോഡ്. | 30.03.2023 പൂർവ്വാഹ്നം | 1 ദിവസം - 22.01.2025 (ഡയസ്നോൺ) | 30.03.2025 അപരാഹ്നം | 31.03.2025 പൂർവ്വാഹ്നം |
| 5 | ഷീന എസ്.എൻ., (938583), കാസർഗോഡ്, കാസർഗോഡ്. | 03.05.2023 പൂർവ്വാഹ്നം | 1 ദിവസം - 22.01.2025 (ഡയസ്നോൺ) | 03.05.2025 അപരാഹ്നം | 04.05.2025 പൂർവ്വാഹ്നം |
| 6 | വിനീത കുമാരി വി., (933363), | 20.12.2022 | *മെറ്റേണിറ്റി ലീവ് -* | 19.12.2024 | 20.12.2024 |

| | | | | | |
|---|---|---|---|---|---|
| | കാസർഗോഡ്, കാസർഗോഡ്. | പൂർവ്വാഹ്നം | *180 ദിവസം* | അപരാഹ്നം | അപരാഹ്നം |

ഈ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ടി 6 ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ സേവനപുസ്തകങ്ങൾ കൈപ്പറ്റിയ വിവരം അതത് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മടക്കത്തപാലിൽ ഈ കാര്യാലയത്തിലേക്ക് ഒട്ടും കാലതാമസം കൂടാതെ അറിയിക്കേണ്ടതാണ്. ഉത്തരവ് പകർപ്പ് ടി ജീവനക്കാരുടെ സേവനപുസ്തകത്തിൽ ഒട്ടിച്ചുചേർത്ത് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

Signed by
Sumi Cherian
Date: 26-07-2025 13:13:42

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ K.A.S.**
**(PEN. 636653)**

To:- ബന്ധപ്പെട്ട ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് (ഓഫീസ് മേലധികാരി മുഖേന).

പകർപ്പ് :-

1) ഡെപ്യൂട്ടി ഡയറക്ടർമാർ (ആലപ്പുഴ, വയനാട്, കാസർഗോഡ്).
2) ക്ഷീരവികസന ഓഫീസർമാർ (അമ്പലപ്പുഴ, ഹരിപ്പാട്, സുൽത്താൻ ബത്തേരി, പരപ്പ, കാസർഗോഡ് (ഡി.ഡി. മുഖേന).
3) ഡയറക്ടറുടെ മേശപ്പുറത്ത്.
4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.
5) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
6) ഇ സെക്ഷൻ സീനിയർ സൂപ്രണ്ട്.
7) ഡെയറി ഫാം ഇൻസ്ട്രക്ടർ, TC & IT Cell, ഡയറക്ടറേറ്റ് - ഉത്തരവ് വെബ്-സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നതിന്.
8) നോട്ടീസ് ബോർഡ്.